**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5226</u>** **<u>21-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (എ) | നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണം (RIDF പദ്ധതികൾ), തിരുവനന്തപുരം ജില്ലയിലെ അരുവിക്കര, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി ശുദ്ധജല വിതരണ പദ്ധതികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം, ഉരുൾപ്പൊട്ടൽ മണ്ണിടിച്ചിൽ എന്നിവ മൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യത ഉള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങൾ, ജലാശയങ്ങളുടേയും നീരുറവകളുടേയും പുനരുജ്ജീവനം, സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനത്തിലൂടെ ഉല്പാദന വർധനവും സുസ്ഥിരമായ കാർഷിക വികസനവും കൈവരിക്കുന്നതിനുള്ള പദ്ധതികൾ, നബാർഡിന്റെ സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (NIDA) എന്നിവയാണ് മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ. |
| (ബി) | ക്ഷേത്രക്കുളങ്ങളും പള്ളികളുടെ കുളങ്ങളും സംരക്ഷിക്കാൻ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ? | (ബി) | വാട്ടർ ഷെയറിങ് എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രക്കുളങ്ങളും പള്ളികളുടെ കുളങ്ങളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വകുപ്പ് ഏറ്റെടുത്തു നടപ്പിലാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ